**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **04.02.2020 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 549**

**2020 ജനുവരിയിൽ കൊച്ചിയിൽ വച്ച് നടന്ന നിക്ഷേപക സംഗമം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.ജെ. മാക്സി :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| **(എ)** | 2020 ജനുവരിയിൽ കൊച്ചിയിൽ വച്ച് നടന്ന നിക്ഷേപക സംഗമം വഴി ഏതെല്ലാം പുതിയ വ്യവസായ സംരംഭകർ സംസ്ഥാനത്ത് വ്യവസായം തുടങ്ങാനായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നറിയിക്കാമോ; അവർ എത്രപേരാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | **(എ)** | ഇന്ത്യയിലെ മികച്ച അഞ്ച് നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെ ജനുവരി 2020 ൽ നടന്ന അസെൻഡ് 2020 എന്ന നിക്ഷേപ സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തികാട്ടാൻ കഴിഞ്ഞു. അതു മൂലം സംസ്ഥാനത്തിനുള്ളിൽ നിന്നും പുറത്തു നിന്നും, വിവിധ മേഖലകളിലെ 149 വ്യവസായികളാണ് പദ്ധതികൾ തുടങ്ങാൻ താല്പര്യം കാണിച്ചിട്ടുള്ളത്. അസെൻഡ് 2020 ലൂടെ ലഭിച്ച ധാരണാ പത്രങ്ങളും താല്പര്യപത്രങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്നതിലേയ്ക്കായി നോഡൽ ഓഫീസർമാരെ നിയമിച്ചു വരികയാണ്. |
| **(ബി)** | ഇവർക്ക് വ്യവസായം തുടങ്ങാനായി എന്തെല്ലാം സഹായങ്ങൾ സംസ്ഥാന സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ട്; ആയതുവഴി എത്രപേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകാൻ കഴിയും; വ്യക്തമാക്കാമോ; | **(ബി)** | അസെൻഡ് 2020 ൽ ലഭിച്ച പദ്ധതികൾ പൂർണ്ണമായും യാഥാർത്ഥ്യമാകുന്ന മുറയ്ക്കേ കൃത്യമായ വിവരം ലഭ്യമാകൂ. എങ്കിലും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയാൽ ഏകദേശം 20,000 തൊഴിലവസരങ്ങളെങ്കിലും സൃഷ്ടിക്കാൻ സാധിക്കുമെന്ന് കരുതുന്നു. |
| **(സി)** | 2020 ഏപ്രിൽ മുതൽ 2025 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്തു തുടങ്ങുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ സർക്കാർ വാഗ്ദാനമായി പ്രഖ്യാപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | **(സി)** | കേരളത്തിലേയ്ക്ക് കൂടുതൽ വ്യവസായങ്ങളെ ആകർഷിക്കുവാനും ഇതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ബഹു. മുഖ്യമന്ത്രി നടത്തിയ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ താഴെ പറയുന്നവയാണ്. |

| | | | |
|---|---|---|---|
| | | | 1. 2025 വരെ നിയമാനുസൃതമായ കാര്യങ്ങൾ പാലിച്ചുകൊണ്ട് രജിസ്റ്റർ ചെയ്യുന്ന കമ്പനികൾക്ക് എംപ്ലോയ്മെൻറ് സബ്സിഡി നല്കുന്നതായിരിക്കും. പ്രസ്തുത സബ്സിഡി 25,000/- രൂപ വരെ വരുമാനമുള്ള ജോലിക്കാരെ നിയമിക്കുമ്പോഴാണ് നൽകുക. മാത്രമല്ല, സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സ്ത്രീ തൊഴിലാളികളെ നിയമിക്കുമ്പോൾ പ്രസ്തുത സബ്സിഡി ഇനത്തിൽ 2000/- രൂപ അധികമായി നല്കുന്നതായിരിക്കും..<br><br>2. വലിയ മുതൽ മുടക്കുള്ള വ്യവസായ ആവശ്യങ്ങൾക്കു വേണ്ടി വ്യക്തിക്കോ കമ്പനിയ്ക്കോ ഭൂമിയുടെ ഉടമസ്ഥാവകാശത്തിനുള്ള പരിധി 15 ഏക്കറിൽ നിന്ന് ഉയർത്തുന്നതാണ്.<br><br>3. റോഡിന്റെ വീതിയുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി ലഘൂകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കും.<br><br>4. സ്ത്രീകൾക്കും ഫാക്ടറികളിൽ 7 PM മുതൽ 6 AM വരെ ജോലി ചെയ്യാമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിലേയ്ക്കുള്ള നടപടികൾ പരിശോധിക്കുന്നതാണ്.<br><br>5. 66,000/- കോടി രൂപയിലേറെ മുതൽ മുടക്കുള്ള കേരളത്തിന്റെ സ്വപ്ന പദ്ധതി യായ Silverline ന്റെ നടത്തിപ്പ് വേഗത്തിലാക്കുന്നതാണ്.<br><br>6. വ്യവസായികൾക്ക് വ്യാവസായികാവശ്യാ-നുസരണം വേണ്ടി വരുന്ന വൈദ്യുതി വിതരണ ശൃംഗല നവീകരിക്കുന്നതി-നാവശ്യമായി വരുന്ന തുക സർക്കാർ 5 വർഷം കൊണ്ട് വൈദ്യുതി ബില്ലിൽ ഇളവിന്റെ രൂപത്തിൽ നല്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | നാളിതുവരെ എത്ര വ്യവസായികൾ ആയതിനായി മുമ്പോട്ട് വന്നിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ഡി) & (ഇ) | നാളിതുവരെ 149 ഓളം സംരംഭകരാണ് വ്യവസായം തുടങ്ങുന്നതിനുള്ള താല്പര്യം പ്രകടിപ്പിച്ചുകൊണ്ട് മുന്നോട്ട് വന്നിട്ടുണ്ട്. പ്രസ്തുത സംഗമത്തിലൂടെ 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണാപത്രങ്ങളും 117 എണ്ണം താല്പര്യപത്രങ്ങളുമാണ്. ഇതു കൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപതാല്പര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു. |
| (ഇ) | പ്രസ്തുത നിക്ഷേപ സംഗമം വഴി എത്ര കോടി രൂപയുടെ മുതൽമുടക്കുള്ള വ്യവസായങ്ങൾ സംസ്ഥാനത്ത് തുടങ്ങാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ